# കൊച്ചി ശാസ്ത്ര സാങ്കേതിക ശാസ്ത്ര സർവ്വകലാശാല

കൊച്ചി -22

നം.എഡി.ഇ3/005360/മെഡിക്കൽ ഇൻഷുറൻസ്/2018 01.06.2019

## പരിപത്രം

വിഷയം: **മെഡിസെപ്പ് - മാറ്റങ്ങൾ വരുത്തുന്നതിനുള്ള അവസാനതീയതി അറിയിക്കുന്നത് - സംബന്ധിച്ച്.**

സൂചന: 1) 06.05.2019 തീയതിയിലെ 41/2019/ധന നമ്പർ പ്രകാരമുള്ള പരിപത്രം.

2) മെഡിസെപ്പ് സൈറ്റിൽ നോഡൽ ഓഫീസർക്കുള്ള നിർദ്ദേശങ്ങൾ

*****

മേൽ സൂചന (1) പ്രകാരം മെഡിസെപ്പ് സ്കീം എല്ലാ ജീവനക്കാർക്കും പെൻഷൻകാർക്കും നിർബന്ധമാണെന്ന് സർക്കാരിൽ നിന്നും അറിയിച്ചിരുന്നു.

ഇതിൻ പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ സൂചന (2) പ്രകാരം സർക്കാർ അറിയിച്ചിരിക്കുന്നു.

1) മെഡിസെപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.medisep.kerala.gov.in** -ൽ എല്ലാ ജീവനക്കാരും അവരവരുടെ വിവരങ്ങൾ പരിശോധിക്കേണ്ടതാണ്. **(Status>CUST PF No> Date of Birth>University).** 21.05.2019 വരെ ലഭ്യമാക്കപ്പെട്ട വിവരങ്ങൾ സർക്കാരിലേക്ക് അറിയിച്ചിട്ടുള്ളതാണ് എങ്കിലും, മേൽ വിവരിച്ച പ്രകാരം വെബ്സൈറ്റിൽ വിവരങ്ങൾ ലഭ്യമല്ലാത്ത ജീവനക്കാർ ആയത് രേഖാമൂലം അറിയിക്കേണ്ടതാണ്. WITH PF NO
2) spouse കൂടി ജീവനക്കാരനോ/ജീവനക്കാരിയോ ആകുന്ന സാഹചര്യത്തിൽ ഒരേ ആശ്രിതരെ തന്നെ രണ്ടു ജീവനക്കാരുടെ കൂടെയും ഉൾപ്പെടുത്താൻ പാടില്ല. ഇത്തരത്തിൽ ഒഴിവാക്കേണ്ടതിന്റെ വിശദവിവരങ്ങൾ ഈ സെക്ഷനിൽ അറിയിക്കേണ്ടതാണ്.
3) മുൻകാല പരിപത്രത്തിൽ നിർദ്ദേശിച്ചതനുസരിച്ച് മെഡിസെപ്പ് സ്കീം പ്രകാരം അനുവദനീയമായതും, പ്രായപരിധിയിൽപ്പെടുന്നതുമായ ആശ്രിതരെ മാത്രമേ ഉൾപ്പെടുത്താവൂ. അല്ലാത്ത പക്ഷം മാറ്റം വരുത്തേണ്ട വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.
4) പുതിയ ആശ്രിതരെ ചേർക്കുന്നതിനുവേണ്ടി ഇതിൽ ഉള്ളടക്കം ചെയ്ത പ്രൊഫോർമയിൽ വിശദ വിവരങ്ങൾ ഒപ്പോടുകൂടി നൽകേണ്ടതാണ്.
5) മുകളിൽ പറഞ്ഞ മാറ്റങ്ങളും മറ്റു തിരുത്തലുകൾ വരുത്തുവാനായി വിശദ വിവരങ്ങൾ നേരിട്ടോ **cusat.ade@gmail.com** വഴിയോ അറിയിക്കേണ്ടതാണ്.

(തുടർച്ച...2)

6) മറ്റു ഓഫീസുകളിൽ നിന്നും യൂണിവേഴ്സിറ്റികളിൽ നിന്നും ഇവിടെ ജോലിയിൽ പ്രവേശിച്ച ജീവനക്കാർ അവരുടെ വിവരങ്ങൾ കുസാറ്റ് മെഡിസെപ്പ് സൈറ്റിലേയ്ക്ക് മാറ്റുന്നതിനായി അതതു ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്. സർക്കാർ അതതു നോഡൽ ഓഫീസർമാർക്ക് ഈ വിശദാംശങ്ങൾ കുസാറ്റ് മെഡിസെപ്പ് സൈറ്റിലേക്ക് സേവ് ചെയ്തു മാറ്റു ന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.
7) സർവ്വീസ് പെൻഷൻ വാങ്ങുന്നതിനോടൊപ്പം ഫാമിലി പെൻഷൻ വാങ്ങുന്ന പെൻഷൻകാരുടെ ഫാമിലി പെൻഷൻ എൻട്രി deactivate ചെയ്യേണ്ടതാണ്.

മുകളിൽ പറഞ്ഞ വിവരങ്ങൾ നേരിട്ടോ **mailbag** വഴിയോ, **cusat.ade@gmail.com** -ലോ **06.06.2019** ന് ഉള്ളിൽ അറിയിക്കേണ്ടതാണ്.

*എല്ലാ വകുപ്പ് തലവൻമാർ/ഡയറക്ടർ/പ്രിൻസിപ്പൽ/ കൺട്രോളിംഗ് ഓഫീസർ-ഓഫീസ്/സെക്ഷൻ - ഈ വിവരങ്ങൾ എല്ലാ ജീവനക്കാരുടെയും (ലീവിലോ ഡെപ്യൂട്ടേഷനിലോ പോയിട്ടുള്ളവർ ഉൾപ്പെടെ) ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.*

Jayalakshmi. k

**ഡെപ്യൂട്ടി രജിസ്ട്രാർ**
**(ഭരണ വിഭാഗം I)**

ഉള്ളടക്കം: പ്രൊഫോർമ

എല്ലാ വകുപ്പ് തലവൻമാർക്കും/ഡയറക്ടർമാർക്കും/പ്രിൻസിപ്പൽ
എസ്.ഒ.ഇ/കുസെക്ക്/ഫിനാൻസ് ഓഫീസർ/ഡയറക്ടർ
**സി.ഐ.ആർ.എം - പരിപത്രം കുസാറ്റ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനു വേണ്ടി**
എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും/ഡെപ്യൂട്ടി രജിസ്ട്രാർമാർക്കും/ സെക്ഷൻ ഓഫീസർമാർക്കും
ഡയറക്ടർ പബ്ലിക്ക് റിലേഷൻസ് വിഭാഗം/പി.ഡി.ഒ
**ഓഡിറ്റ് സി സെക്ഷൻ** - (തുടർനടപടികൾക്കായി )
സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/ഇ - ഗവേണൻസ് സെൽ
പി.എസ് ടു വൈസ് ചാൻസലർ/പി.എസ് ടു പ്രൊ വൈസ് ചാൻസലർ/ പി.എ ടു രജിസ്ട്രാർ/ പി.എ ടു ഫിനാൻസ് ഓഫീസർ
കരുതൽ ഫയൽ/ദിവസ ഫയൽ/ഓഫീസ് പകർപ്പ്

NN.(01.06.2019)